പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2948 | 17.10.2016 ൽ മറുപടിയ്ക്ക്

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ? | (എ) സപ്ലൈകോയുടെ ഔട്ട് ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ശക്തമായ ഒരു പരിശോധനാ വിഭാഗം നിലവിലുണ്ട്. സപ്ലൈകോയുടെ ക്വാളിറ്റി മാനുവലിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ഓരോ ഡിപ്പോകളിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ലഭിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ വിവിധ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ യഥാസമയങ്ങളിൽ CFRD കോന്നിയിലുള്ള മൈക്രോ ബയോളജിക്കൽ ലാബിലും, റീജിയണൽ അനലിറ്റിക്കൽ ലാബിലും പരിശോധന നടത്തുന്നുണ്ട്. പാക്കറ്റ് ഭക്ഷ്യവസ്തുക്കൾക്ക് HACCP, ISO 22000, അഗ്മാർക്ക് എന്നീ ഗുണമേൻമ നിർബന്ധമാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗം സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നുണ്ട്. കാലാകാലങ്ങളിൽ ഗുണമേൻമയിലുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധന കൂടുതൽ ശക്തിപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ